# സിറ്റിസൺ അദാലത്ത്

ഉത്തരവ് നമ്പർ BPIDK20611000005/IVO2/LSGD - ഇടുക്കി തിയതി 15/07/2025

ശ്രീ വി ജെ സേവ്യർ വലിയവീട്ടിൽ ആനക്കര പി ഓ എന്നയാൾ സമർപ്പിച്ച പരാതിയിൽ ചക്കുപള്ളം പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയിൽ 23/05/2023 തീയതിയിൽ നെടുംകണ്ടത്തു വെച്ച് നടന്ന കരുതലും കൈത്താങ്ങും അദാലത്തിൽ തീർപ്പാക്കിയിരുന്നുവെന്നും എന്നാൽ പഞ്ചായത്ത് എ.ഇ അത് അംഗീകരിക്കുന്നില്ല എന്നും അസിസ്റ്റന്റ് ടൗൺപ്ലാന്നെർ നിർമ്മാണത്തിന്ന് തടസ്സമില്ലയെന്ന് അറിയിച്ചിരുന്നുവെന്നും പരാതിക്കാരൻ ആരോപിക്കുന്നു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കട്ടപ്പന ബ്ലോക്ക് ) റിപ്പോർട്ട്

കെട്ടിടത്തിന് സമീപ ഭൂ-അതിരുമായി നിർദിഷ്ട ദൂരം പാലിക്കുന്നില്ല എന്ന് കണ്ടെത്തുകയുണ്ടായി ആയതിനാൽ പ്രസ്തുത വസ്തുവിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള കെട്ടിട ഭാഗം പൊളിച്ച നീക്കേണ്ടതുണ്ട് KPBR 2019 Rule 49 പ്രകാരം ഭിന്നശേഷിക്കാർക്കാവശ്യമായ റാമ്പ് ടോയ്ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.റൂൾ 75,76 പ്രകാരമുള്ള മഴവെള്ള സംഭരണ സംവിധാനങ്ങൾ രൂപരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല, തുടങ്ങിയ പോരായ്മകൾ വ്യക്തമാക്കുന്നു . .

അദാലത്ത് സമിതി തീരുമാനം

ചക്കുപള്ളം പഞ്ചായത്തിന് പ്രതിനിധികരിച്ച് അസിസ്റ്റന്റ് എൻജിനീയറും ബിൽഡിംഗ് സെക്ഷൻ ക്ലർക്കും ഹാജരായി. ന്യൂനതകളിൽ സമീപ വസ്തുവുമായുള്ള ദൂരം സംബന്ധിച്ച തർക്കം നിലനിൽക്കുന്നത് പരിഹരിക്കപ്പെട്ടിട്ടില്ല എന്ന് അവർ അറിയിച്ചു. ആയതിനാൽ താലൂക്ക് സർവ്വെയറുടെ സേവനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് കത്ത് നല്കിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല, മറ്റു ന്യൂനതകൾ കെട്ടിട ഉടമസ്ഥ് സ്വന്തം നിലയിൽ പരിഹരിക്കാവുന്നതാണ്. പരാതിക്കാരൻ സമിതി മുൻപാകെ നേരിട്ട് ഹാജരാവുകയും സമീപ ഭൂമി INTUC എന്ന സംഘടന സർക്കാർ പുറമ്പോക്കു അനധികൃതമായി കൈവശപ്പെടുത്തി കെട്ടിടം നിർമ്മിച്ചതാണെന്നും കൺസന്റ് നല്കാൻ അവർക്കു നിയമപരമായി അവകാശമില്ലെന്നും ബോധിപ്പിച്ചു.

പരാതിക്കാരന്റെ അണക്കര വില്ലേജിൽ ബ്ലോക്ക് 74ൽ സർവ്വേ 22/22ൽ പെട്ട 0.0114 ഹെക്ടർ വസ്തുവിനോട് ചേർന്നുള്ള INTUC യുടെ ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലവുമായി അതിരു തർക്കം നിലനിൽക്കുന്നതിനാലാണ് LSGD എഞ്ചിനീറിങ് വിഭാഗം ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കാൻ കഴിയാതെ പോയതെന്നും അതിരു സംബന്ധിച്ച് വ്യക്തത വരുത്തിയാൽ എഞ്ചിനീയറിംഗ് വിഭാഗം ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിച്ച പുതിയ അപേക്ഷ നല്കാൻ തയ്യാറാണെന്നും പരാതിക്കാരൻ അറിയിച്ചു .

അദാലത്ത് സമിതി അംഗങ്ങൾ സ്ഥലം പരിശോധിച്ചതിൽ അതിർത്തി തർക്കം നിലനിൽക്കുന്നതായും അതിരു സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ് എന്നും ബോധ്യപ്പെട്ടു ആയതിന്റെ അടിസ്ഥാനത്തിൽ INTUC ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം പുറമ്പോക്കു ഭൂമി ആണോ എന്നതു സംബന്ധിച്ച് ഉടുമ്പൻചോല ഭൂരേഖ തഹസിൽദാറുമായി ബന്ധപെട്ട് വ്യക്തത വരുത്തുന്നതിനും ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും സാന്നിധ്യത്തിൽ അതിരു തിട്ടപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ചക്കുപള്ളം സെക്രട്ടറിക്കു നിർദേശം നൽകി തീരുമാനിച്ചു .സ്വീകരിച്ച നടപടി വിവരങ്ങൾ അദാലത്ത് സമിതിയെ യഥാസമയം അറിയിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി.

JOSEPH T.F
PEN - 717811
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala - 685603

തിട്ടപ്പെടുത്തിയ അതിരിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പുതുക്കി നൽകുന്നതിനും അപേക്ഷകനോട് നിർദേശിച്ച് പരാതി താത്കാലികമായി തീർപ്പാക്കി .

വിശ്വസ്തതയോടെ

ജോസഫ് ടി.എഫ്

JOSEPH T.F
PEN - 717811
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala - 685603

കൺവീനർ (സി[illegible])

ഇന്റേണൽ വിജിലൻസ് ഓഫീസർ യൂണിറ്റ് 1,2

തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി